(എ) കൊടുങ്ങല്ലൂർ ട്രാൻസ്പോർട്ട് ഡിപ്പോയിൽ നിന്നും ശബരിമല സ്പെഷ്യൽ സർവീസ് ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിരുന്നോ ;

(ബി) ഈ നിവേദനങ്ങളെ തുടർന്ന് ബസ് സർവീസ് ആരംഭിച്ചിരുന്നോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) നിവേദനം ലഭിച്ചിരുന്നു.

(ബി) തീർത്ഥാടകരുടെ തിരക്കനുസരിച്ച് ശബരിമല ആവശ്യാനുസരണം സർവീസ് നടത്താൻ എല്ലാ യൂണിറ്റ് അധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. ഉത്സവകേന്ദ്രങ്ങളായി പ്രഖ്യാപിക്കാത്ത കെ. എസ്. ആർ. ടി. സി.യുടെ യൂണിറ്റുകളിൽ നിന്നും അൻപതോ അതിൽ കൂടുതലോ തീർത്ഥാടകരാവശ്യപ്പെട്ടാൽ പ്രത്യേക ബസുകൾ റിസർവേഷൻ സൗകര്യത്തോടുകൂടി സർവീസു നടത്തുവാൻ നിർദ്ദേശം നൽകിയിരുന്നു. ഉത്സവകേന്ദ്രമല്ലാത്ത കൊടുങ്ങല്ലൂർ യൂണിറ്റിൽ നിന്നും ഇത്തരത്തിലുള്ള ഒരാവശ്യം ഉണ്ടായിട്ടില്ല.

കൊയിലാണ്ടി - താമരശ്ശേരി ബസ് സർവ്വീസ്

29 (812) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി - താമരശ്ശേരി റൂട്ടിൽ ഇപ്പോൾ കെ. എസ്. ആർ. ടി. സി. ബസുകൾ സർവ്വീസ് നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി) പുതുതായി എത്ര ബസുകളാണ് സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസിദ്ധമായ പിക്കാരിക്കാവ് ക്ഷേത്രത്തിൽ നിന്നും ഗുരുവായൂർക്ക് ഒരു കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കൊയിലാണ്ടി - താമരശ്ശേരി റൂട്ടിൽ ആറു സർവ്വീസുകൾ നടത്തുവാൻ താമരശ്ശേരി യൂണിറ്റാഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത സർവ്വീസുകളെല്ലാം 11-2-2001 മുതൽ തുടങ്ങിയിട്ടുണ്ട്.

(ബി) നിലവിലുള്ള സർവീസുകളുടെ വരുമാനം കണക്കാക്കി വേണമെങ്കിൽ കൂടുതൽ സർവീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) ടൗൺ - ടു - ടൗൺ സർവീസുകൾക്ക് മുൻഗണന കൊടുത്ത് പുതിയ സർവ്വീസുകൾ തുടങ്ങേണ്ടതുകൊണ്ട് പ്രസ്തുത റൂട്ടിൽ ബസ് സർവ്വീസ് ആരംഭിക്കുവാൻ നിർവാഹമില്ല.

കായംകുളം ഡിപ്പോയിൽ നിന്നുള്ള അന്തർസംസ്ഥാന സർവ്വീസുകൾ

30 (813) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly